LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വിഭാഗക്കാർക്കായുള്ള വിവിധ ക്ഷേമപദ്ധതികൾ

294 (1002) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. റ്റി. എ റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പട്ടികജാതി കമ്മീഷന്റെ സംസ്ഥാനതല അവലോകനത്തിൽ പട്ടികജാതി വിഭാഗക്കാർക്കായുള്ള വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ ചൂണ്ടിക്കാണിക്കപ്പെട്ട വീഴ്ചകൾ എന്തൊക്കെയായിരുന്നു ;

(ബി) പട്ടികജാതി വിഭാഗക്കാർക്കായുള്ള വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ വന്ന പോരായ്മകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചതായി കമ്മീഷൻ അഭിപ്രായ പ്രകടനം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾ

295 (1003) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന സ്വയംപര്യാപ്ത ഗ്രാമ പദ്ധതിയിൽ പട്ടികജാതി ഗ്രാമങ്ങളെ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണ് ;

(ബി) എന്തടിസ്ഥാനത്തിലാണ് ഈ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത് ;

(സി) നിശ്ചയിക്കപ്പെട്ട മാനദണ്ഡ പ്രകാരം സ്വയംപര്യാപ്ത ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുന്ന എത്ര പട്ടികജാതി ഗ്രാമങ്ങളാണ് കണ്ണൂർ ജില്ലയിലുള്ളത് ;

(ഡി) പ്രസ്തുത ഗ്രാമങ്ങൾ ഓരോന്നും ഏത് നിയോജക മണ്ഡലത്തിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ഇ) കണ്ണൂർ ജില്ലയിലെ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലെ ഏതെല്ലാം പട്ടികജാതി ഗ്രാമങ്ങൾക്ക് സ്വയംപര്യാപ്ത ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2009-10 വർഷം 'കില'-യും പട്ടികജാതി വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി നടത്തിയ സർവേയുടെ റിപ്പോർട്ടു പ്രകാരം 436 പട്ടികജാതി കോളനികളിൽ അൻപതോ അൻപതിൽ കൂടുതലോ കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിരുന്നു. പ്രസ്തുത കോളനികളിൽ നിന്നും വികസന പ്രക്രിയയിൽ ഗണ്യമായ നേട്ടമൊന്നും കൈവരിച്ചിട്ടില്ലാത്ത കോളനികളെയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(ബി) 'കില'-യുടെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്.

(സി) 'കില'-യുടെ റിപ്പോർട്ട് പ്രകാരം സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുന്ന 9 പട്ടികജാതി കോളനികളാണ് കണ്ണൂർ ജില്ലയിലുള്ളത്.

(ഡി)

നിയോജക മണ്ഡലം	കോളനി
തളിപ്പറമ്പ്	പാവന്നൂർമൊട്ട വള്ളുവ കോളനി
അഴീക്കോട്	തുരുത്തി സെറ്റിൽമെന്റ് കോളനി, വേളാപുരം കോളനി, പാറയ്ക്കൽ കോളനി.
കല്ല്യാശ്ശേരി	ഏഴിലോട് കോളനി, മൂലക്കിൽ കോളനി
കണ്ണൂർ	നിലപ്പനക്കുന്ന് കോളനി, സമാജ് വാദി കോളനി
പയ്യന്നൂർ	കോളോത്ത് കോളനി

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തളിപ്പറമ്പ് മണ്ഡലത്തിലെ പാവന്നൂർമൊട്ട വള്ളുവ കോളനി, അഴീക്കോട് മണ്ഡലത്തിലെ പാറയ്ക്കൽ കോളനി, ഇരുത്തി സെറ്റിൽമെന്റ് കോളനി, കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴിലോട് കോളനി, മൂലക്കിൽ കോളനി, കണ്ണൂർ മണ്ഡലത്തിലെ സമാജ് വാദി കോളനി, പയ്യന്നൂർ മണ്ഡലത്തിലെ കോളോത്ത് കോളനി എന്നിവ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്വയംപര്യാപ്തഗ്രാമം പദ്ധതി

296(1004) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വകുപ്പിന്റെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം കോളനികളുടെ വികസനത്തിന് അനുവദിച്ച പ്രവൃത്തികളിൽ എത്ര ശതമാനം പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്ന് ഓരോ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) ബാക്കി പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ബി) 2014-15 സാമ്പത്തിക വർഷം പ്രവൃത്തികൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

പൊന്നാനിയിൽ പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.

297 (1005) ശ്രീ..പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനിയിൽ പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.-യിൽ പതിറ്റാണ്ടുകളായി ഇലക്ട്രീഷ്യൻ ട്രേഡ് മാത്രമാണുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എസ്.സി. വിഭാഗം കുട്ടികൾക്ക് ഏറെ പ്രയോജനപ്രദമായ ഐ.റ്റി.ഐ.-യിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly